## അദ്ധ്യായം I
## സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും അതിന്റെ ഓഡിറ്റിനെയും കുറിച്ചുള്ള ആമുഖം

### 1.1 ആമുഖം

ഇന്ത്യൻ ഭരണഘടനയുടെ എഴുപത്തിമൂന്നും എഴുപത്തിനാലും ഭേദഗതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഭരണഘടനാ പദവി നൽകുകയും അവയ്ക്ക് ഏകീകൃത ഘടന, ക്രമമായ തിരഞ്ഞെടുപ്പ്, നിയതമായ ധനാഗമം എന്നിവ വ്യവസ്ഥാപിതമാക്കുകയും ചെയ്തു. ഈ ഭേദഗതികളെ തുടർന്ന് മൂന്നാംതല സർക്കാരായി പ്രവർത്തിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പ്രാപ്തമാക്കുന്നതിനായി സംസ്ഥാന നിയമസഭ 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം (കെപിആർ നിയമം) 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം (കെഎം നിയമം) പാസാക്കി. ഭരണഘടനാ ഭേദഗതികളിലൂടെ അവതരിപ്പിച്ച പതിനൊന്നാമത്തെയും പന്ത്രണ്ടാമത്തെയും പട്ടികകൾ പ്രകാരം സ്വയംഭരണ സ്ഥാപനങ്ങളായി പ്രവർത്തിക്കാൻ പ്രാപ്തമാക്കുന്ന തരത്തിലുള്ള അധികാരങ്ങളും ചുമതലകളും ഉത്തരവാദിത്തങ്ങളും സംസ്ഥാനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഏൽപ്പിച്ചു. ഭരണഘടനയും വിവിധ നിയമങ്ങളും നൽകിയ അധികാരങ്ങൾ നിറവേറ്റുന്നതിന്, ഭരണഘടനയുടെ പതിനൊന്നും പന്ത്രണ്ടും പട്ടികകളിൽ പറഞ്ഞിട്ടുള്ള വിഷയങ്ങൾ ഉൾപ്പെടെ, സാമ്പത്തിക വികസനവും സാമൂഹിക നീതിയും ഉറപ്പാക്കുന്നതിന് വേണ്ടിയുള്ള പദ്ധതികൾക്ക് രൂപരേഖകൾ തയ്യാറാക്കേണ്ടതും നടപ്പാക്കേണ്ടതും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കർത്തവ്യമാണ്. ഭരണഘടനയും നിയമങ്ങളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അവയുടെ പ്രവർത്തന മേഖലയിൽ സ്വയം ഭരണാവകാശവും സ്വാതന്ത്ര്യവും നൽകുമ്പോൾ, ദേശീയ സംസ്ഥാന നയങ്ങൾക്കനുസൃതമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ട പൊതു മാർഗ്ഗരേഖകൾ പുറപ്പെടുവിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പിന് അധികാരമുണ്ട്.

### 1.2 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ രൂപരേഖ

2024 മാർച്ചിൽ കേരളത്തിൽ 1200 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉണ്ടായിരുന്നു. ഇതിൽ 941 ഗ്രാമപഞ്ചായത്തുകൾ, 152 ബ്ലോക്ക് പഞ്ചായത്തുകൾ, 14 ജില്ലാ പഞ്ചായത്തുകൾ, 87 മുനിസിപ്പാലിറ്റികൾ, ആറ് മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിവ ഉൾപ്പെടുന്നു. അവയുടെ വിസ്തീർണ്ണം, വാർഡുകൾ/ഡിവിഷനുകൾ, ജനസംഖ്യ മുതലായവയുടെ വിശദാംശങ്ങൾ **പട്ടിക 1.1ൽ** കൊടുത്തിരിക്കുന്നു.

**പട്ടിക 1.1: തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിസ്തീർണ്ണം, ജനസംഖ്യ, ജനസാന്ദ്രത മുതലായവ**

| ക്രമ നമ്പർ | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തലം | എണ്ണം | വാർഡുകളുടെ എണ്ണം | വിസ്തീർണ്ണം (ചതുരശ്ര. കി.മീ) | ജനസംഖ്യ (2011 സെൻസസ് പ്രകാരം) | ഒരു ചതുരശ്ര കി.മീറ്ററിലെ ജനസാന്ദ്രത |
|---|---|---|---|---|---|---|
| 1 | മുനിസിപ്പൽ കോർപ്പറേഷനുകൾ | 6 | 414 | 682.55 | 31.17 | 4566.70 |
| 2 | മുനിസിപ്പാലിറ്റികൾ | 87 | 3113 | 2374.57 | 45.09 | 1898.87 |
| 3 | ജില്ലാപഞ്ചായത്തുകൾ | 14 | 331 | 35805.39 | 258.41 | 721.71 |
| 4 | ബ്ലോക്ക് പഞ്ചായത്തുകൾ | 152 | 2080 | | | |
| 5 | ഗ്രാമപഞ്ചായത്തുകൾ | 941 | 15962 | | | |

*(ഉറവിടം : സാമ്പത്തിക അവലോകനം 2023 കേരളം)*

## 1.3 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള ഫണ്ടിന്റെ വരവ്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഭവങ്ങളിൽ നികുതി വരുമാനവും നികുതിയേതര വരുമാനവും ഉൾപ്പെടുന്ന തനത് വരുമാനം, സംസ്ഥാന സർക്കാർ നൽകുന്ന പൊതു ആവശ്യ ഫണ്ട്, മെയിന്റനൻസ് ഫണ്ട്, വികസന ഫണ്ട്, കേന്ദ്ര സർക്കാർ നൽകുന്ന ഗ്രാന്റുകൾ, സംസ്ഥാന സർക്കാരിൽ നിന്നും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുമുള്ള വായ്പകൾ എന്നിവ ഉൾപ്പെടുന്നു. സംസ്ഥാന ധനകാര്യ കമ്മീഷനുകളുടെ ശിപാർശകളുടെ അടിസ്ഥാനത്തിൽ കേരള സർക്കാർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഗ്രാന്റുകൾ നൽകുന്നു. 2018-19 മുതൽ 2022-23 വരെയുള്ള കാലയളവിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഭവങ്ങളുടെ ഘടന **പട്ടിക 1.2ൽ** കൊടുത്തിരിക്കുന്നു.

**പട്ടിക 1.2: തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഭവങ്ങൾ**


*(₹ കോടിയിൽ)*

| വിഭവങ്ങൾ | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 |
|---|---|---|---|---|---|
| ആകെ തനതു വരുമാനം | 1671.77 | 1504.03 | 1581.64 | 1603.47 | 2200.93 |
| ആകെ സംസ്ഥാന ഫണ്ട് | 14405.01 | 11208.52 | 12707.78 | 11684.97 | 13435.97 |
| ആകെ കേന്ദ്രസർക്കാർ ഗ്രാന്റുകൾ | 5351.57 | 6046.39 | 8228.34 | 7197.92 | 7298.53 |
| മറ്റ് സ്രോതസ്സുകളിൽ നിന്നുള്ള വരുമാനം : വായ്പകൾ | 1623.14 | 1045.54 | 403.80 | 168.42 | 375.17 |
| **ആകെ വരുമാനം** | **23051.49** | **19804.48** | **22921.56** | **20654.78** | **23310.60** |

*(ഉറവിടം: ഇൻഫർമേഷൻ കേരള മിഷൻ, സംസ്ഥാന ഫിനാൻസ് കമ്മീഷൻ സെൽ, തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, കേരള നഗരഗ്രാമവികസന ധനകാര്യ കോർപ്പറേഷൻ (കെ.യു.ആർ.ഡി.എഫ്.സി.) കേരള സംസ്ഥാന ദാരിദ്ര്യ നിർമ്മാർജന മിഷൻ (കുടുംബശ്രീ) എന്നിവരിൽ നിന്ന് ലഭിച്ച വിവരങ്ങൾ)*

2018-19 മുതൽ 2022-23 വരെയുള്ള കാലയളവിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഭവങ്ങളുടെ ഘടന ശതമാനാടിസ്ഥാനത്തിൽ **ചാർട്ട് 1.1ൽ** കാണിച്ചിരിക്കുന്നു:

**ചാർട്ട് 1.1: തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഭവങ്ങൾ**



- 2022–23 കാലയളവിൽ, മൊത്തം വരുമാനത്തിൽ, സംസ്ഥാന, കേന്ദ്ര, തനത് വരുമാനങ്ങളുടെയും മറ്റ് സ്രോതസ്സുകളിൽ നിന്നുള്ള വരുമാനങ്ങളുടെയും ശതമാനം യഥാക്രമം 57.64, 31.31, 9.44, 1.61 ആയിരുന്നു.

- ആകെ വരുമാനത്തിൽ കേന്ദ്രസർക്കാർ ഗ്രാന്റിന്റെ വിഹിതം 2018–19 ൽ 23.22 ശതമാനത്തിൽ നിന്ന് 2022–23 ൽ 31.31 ശതമാനമായി വർദ്ധിച്ചു.

- ആകെ വരുമാനത്തിൽ സംസ്ഥാന ഗ്രാന്റുകളുടെ വിഹിതം 2018–19 ൽ 62.49 ശതമാനത്തിൽ നിന്നും 2022–23 ൽ 57.64 ശതമാനമായി കുറഞ്ഞു.

പിആർഐകളുടെയും യുഎൽബികളുടെയും വിഭവങ്ങളെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ യഥാക്രമം അദ്ധ്യായം II ലും അദ്ധ്യായം IV ലും നൽകിയിരിക്കുന്നു.

## 1.4 ചുമതലകളുടെ കൈമാറ്റത്തിന്റെ സ്ഥിതിയും തദ്ദേശ സ്ഥാപനങ്ങൾ ഏറ്റെടുത്ത മറ്റ് പ്രധാന പ്രവർത്തനങ്ങളും

കെപിആർ നിയമവും, കെഎം നിയമവും അനുസരിച്ച് ഈ നിയമങ്ങളുടെ പട്ടികയിൽ വിവരിച്ചിരിക്കുന്ന വിഷയങ്ങളെ സംബന്ധിച്ച് തങ്ങളുടെ അധികാരപരിധിയിലുള്ള പ്രദേശങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റേണ്ട ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. കൂടാതെ പട്ടികകളിൽ വിവരിച്ചിരിക്കുന്ന വിഷയങ്ങളുടെ പൂർണമായ ഭരണാധികാരം അവർക്ക് മാത്രമാണെന്നും അതുമായി ബന്ധപ്പെട്ട് സാമ്പത്തിക വളർച്ചയ്ക്കും സാമൂഹിക നീതിക്കും ആവശ്യമായ പദ്ധതികൾ തയ്യാറാക്കേണ്ടതും നടപ്പാക്കേണ്ടതും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണെന്നും വ്യവസ്ഥ ചെയ്യുന്നു.

സർക്കാരിന്റെ വിവിധ വകുപ്പുകളുടെ ചുമതലകൾ അവ നിർവ്വഹിക്കുന്ന ഉദ്യോഗസ്ഥർക്കൊപ്പം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യണമെന്ന് ഈ നിയമങ്ങൾ വ്യവസ്ഥ ചെയ്യുന്നു. ഒരോ തലത്തിലും കൈമാറിയ ചുമതലകൾ പരസ്പരം അതിക്രമിക്കാത്ത വിധത്തിലായിരിക്കണം വിവിധ തലങ്ങളിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ചുമതലകൾ കൈമാറേണ്ടത്.

ഭരണഘടനയുടെ പതിനൊന്നാം പട്ടികയിൽ പിആർഐകളുമായി ബന്ധപ്പെട്ട 29 ചുമതലകൾ (**അനുബന്ധം 1.1**) ഉൾപ്പെട്ടിരിക്കുന്നു. ഇതിൽ 26 ചുമതലകൾ സർക്കാർ പിആർഐകൾക്ക് കൈമാറി (1995 സെപ്റ്റംബർ). അതുപോലെ, ഭരണഘടനയുടെ പന്ത്രണ്ടാം പട്ടികയിൽ യുഎൽബികളുമായി ബന്ധപ്പെട്ട 18 ചുമതലകൾ (**അനുബന്ധം 1.2**) ഉൾപ്പെട്ടിരിക്കുന്നു. അതിൽ 14 ചുമതലകൾ സർക്കാർ കൈമാറിയിട്ടുണ്ട്. പിആർഐകൾക്കും യുഎൽബികൾക്കുമുള്ള ചുമതലകളുടെ കൈമാറ്റത്തെക്കുറിച്ച് യഥാക്രമം II–ാം അദ്ധ്യായത്തിലും IV–ാം അദ്ധ്യായത്തിലും വിശദമായി ചർച്ച ചെയ്തിട്ടുണ്ട്.

ഭരണപരവും ചുമതലാപരവുമായ അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി പൊതുജനസേവന സ്ഥാപനങ്ങളായ വിദ്യാലയങ്ങൾ, ഡിസ്പെൻസറികൾ, പൊതുജനാരോഗ്യ കേന്ദ്രങ്ങൾ, ആശുപത്രികൾ, അംഗനവാടികൾ, ജില്ലാ ഫാമുകൾ, മൃഗസംരക്ഷണ കേന്ദ്രങ്ങൾ തുടങ്ങിയവ സർക്കാർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്തിട്ടുണ്ട്.

കൈമാറ്റം ചെയ്യപ്പെട്ട ചുമതലകൾക്കും പ്രവർത്തനങ്ങൾക്കും പുറമേ, വികസന പരിപാടികൾ നടപ്പാക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കേന്ദ്ര സംസ്ഥാന സർക്കാരുകൾ ആവിഷ്കരിക്കുന്ന പദ്ധതികളും ഏറ്റെടുക്കാറുണ്ട്. എല്ലാ ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടികളും ക്ഷേമപെൻഷൻ പദ്ധതികളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെയാണ് നടപ്പാക്കുന്നത്.

## 1.5 ഓഡിറ്റ് ചെയ്യുന്നതിനുള്ള അധികാരവും രീതിശാസ്ത്രവും

### 1.5.1 ഓഡിറ്റ് ചെയ്യുന്നതിനുള്ള അധികാരം

#### *1.5.1.1 ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ ഓഡിറ്റ്*

ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന് (സിഎജി) ഓഡിറ്റ് ചെയ്യാനുള്ള അധികാരം ലഭിച്ചിരിക്കുന്നത് ഇന്ത്യൻ ഭരണഘടനയുടെ 149-ഉം 151-ഉം അനുച്ഛേദങ്ങൾ അനുസരിച്ചും 1971-ലെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ (ചുമതലകൾ, അധികാരങ്ങൾ, സേവനവ്യവസ്ഥകൾ) നിയമവുമനുസരിച്ചാണ് (സിഎജിയുടെ ഡിപിസി നിയമം). സിഎജിയുടെ ഡിപിസി ആക്ടിലെ സെക്ഷൻ 14, 15, 20(1) എന്നിവ[1] സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഓഡിറ്റ് നടത്താൻ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിനെ അധികാരപ്പെടുത്തുന്നു. വിവിധതരം ഓഡിറ്റുകളുടെ തത്വങ്ങളും രീതിശാസ്ത്രങ്ങളും സിഎജി പുറപ്പെടുവിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡ്സിലും ഓഡിറ്റിന്റെയും അക്കൗണ്ടുകളുടെയും റെഗുലേഷൻസിലും നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു.

സിഎജിയുടെ ഡിപിസി നിയമത്തിലെ സെക്ഷൻ 20 (1) ഉം 2020ലെ ഓഡിറ്റിന്റെയും അക്കൗണ്ടുകളുടെയും റെഗുലേഷൻസിലെ സെക്ഷൻ 120-ഉം അനുസരിച്ച്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഓഡിറ്റിനുള്ള സാങ്കേതിക മാർഗ്ഗനിർദ്ദേശവും പിന്തുണയും നൽകുന്നതിനുള്ള ചുമതല സിഎജിയെ ഏൽപ്പിച്ചിരിക്കുന്നു. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് സാങ്കേതിക മാർഗ്ഗനിർദ്ദേശവും പിന്തുണയും നൽകാനുള്ള ചുമതല സിഎജിയെ 2024 മാർച്ച് മാസം വരെ കേരളസർക്കാർ ഏൽപ്പിച്ചു.

#### *1.5.1.2 പ്രാഥമിക ഓഡിറ്റ് സ്ഥാപനങ്ങളുടെ ഓഡിറ്റ്*

കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 1994, കേരള പഞ്ചായത്ത് രാജ് നിയമം, 1994, കേരള മുനിസിപ്പാലിറ്റി നിയമം, 1994 എന്നിവ പ്രകാരം, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ (കെഎസ്എഡി) ഡയറക്ടർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിയമപ്രകാരമുള്ള ഓഡിറ്ററാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അക്കൗണ്ടുകളുടെ ഓഡിറ്റ് നടത്തുന്നതിന് ആവശ്യമായ അധികാരങ്ങളും ഉത്തരവാദിത്തങ്ങളും കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം കെഎസ്എഡിയിൽ നിക്ഷിപ്തമാക്കിയിട്ടുണ്ട്. കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, 1996, ഓഡിറ്റ് നടത്തേണ്ട രീതി, ഓഡിറ്റ് റിപ്പോർട്ടുകളുടെ രൂപവും ഉള്ളടക്കവും, ചാർജിനും സർചാർജിനുമുള്ള നടപടിക്രമം എന്നിവ വ്യവസ്ഥചെയ്യുന്നു. കേരള സർക്കാരിന്റെ ധനകാര്യ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിലാണ് കെഎസ്എഡി പ്രവർത്തിക്കുന്നത്.

ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ അനുസരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ റെസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ബാലൻസ് ഷീറ്റ്, ഇൻകം ആന്റ് എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവ അടങ്ങിയ വാർഷിക ധനകാര്യ പത്രികകൾ തയ്യാറാക്കുകയും അടുത്ത സാമ്പത്തിക വർഷത്തിലെ ജൂലായ് 31ന് മുൻപ് അവരുടെ അക്കൗണ്ടുകൾ കെഎസ്എഡിയിൽ സമർപ്പിക്കുകയും വേണം. അക്കൗണ്ടുകൾ ലഭിച്ച് ആറ് മാസത്തിനുള്ളിൽ കെഎസ്എഡി അക്കൗണ്ടുകളുടെ ഓഡിറ്റ് പൂർത്തിയാക്കുകയും ഓഡിറ്റ് പൂർത്തിയായ തീയതി മുതൽ മൂന്ന് മാസത്തിനുള്ളിൽ ഓഡിറ്റ് റിപ്പോർട്ട് നൽകുകയും വേണം. 2022-23 വർഷത്തെ അക്കൗണ്ടുകൾ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും നിശ്ചിത തീയതിക്ക് കെഎസ്എഡിക്കു ലഭിക്കുകയും അവയുടെ ഓഡിറ്റ് റിപ്പോർട്ടുകൾ കെഎസ്എഡി നൽകുകയും ചെയ്തു (2024 ജൂൺ).

---

[1] സെക്ഷൻ 14: കേന്ദ്രത്തിൽ നിന്നോ സംസ്ഥാനത്തിൽ നിന്നോ ഗണ്യമായി ധനസഹായം ലഭിക്കുന്ന സ്ഥാപനങ്ങളുടെയോ അതോറിറ്റികളുടെയോ വരവുകളുടെയും ചെലവുകളുടെയും ഓഡിറ്റ്
സെക്ഷൻ 15: മറ്റ് അതോറിറ്റികൾക്കോ സ്ഥാപനങ്ങൾക്കോ നൽകുന്ന ധനസഹായങ്ങളുടെയോ വായ്പകളുടെയോ കാര്യത്തിൽ സിഎജിയുടെ ചുമതലകൾ
സെക്ഷൻ 20(1): ഏതാനും അതോറിറ്റികളുടെയോ സ്ഥാപനങ്ങളുടെയോ അക്കൗണ്ടുകളുടെ ഓഡിറ്റ്

കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം (സെക്ഷൻ 23), ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ (ചട്ടം 25) എന്നിവ പ്രകാരം, എല്ലാ വർഷവും സെപ്റ്റംബർ 30ന് മുമ്പ് ഡയറക്ടർ മുൻ സാമ്പത്തികവർഷത്തിൽ ഓഡിറ്റ് ചെയ്ത അക്കൗണ്ടുകളുടെ ഒരു സമാഹൃത റിപ്പോർട്ട്, സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ഉദ്ദേശിക്കുന്ന വിശദാംശങ്ങൾ ഉൾപ്പെടുത്തി സർക്കാരിന് അയക്കണം. 2022–23 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2024 ജനുവരി 31ന് നിയമസഭയിൽ സമർപ്പിച്ചു. ലോക്കൽ ഫണ്ട് അക്കൗണ്ടുകൾക്കായുള്ള നിയമസഭാ സമിതി സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകൾ പരിശോധിക്കുന്നു.

### 1.5.2 ഓഡിറ്റിന്റെ രീതിശാസ്ത്രം

#### *1.5.2.1 ഓഡിറ്റിന്റെ ജില്ലാ – കേന്ദ്രീകൃത സേവന വിതരണ അധിഷ്ഠിത സമീപനം*

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഓഡിറ്റ് റിപ്പോർട്ട് നിലവിൽ പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിക്കുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവയ്ക്ക് നൽകിയിട്ടുള്ള ചുമതലകൾ നിറവേറ്റുന്നതിന്റെ നിലവാരം വിലയിരുത്തുന്നതിനും, ഈ സേവനങ്ങൾ അവയുടെ അധികാര പരിധിയിലുള്ള അടിസ്ഥാന തലത്തിലുള്ള പൗരൻമാരെ എത്രത്തോളം അനുകൂലമായി സ്വാധീനിച്ചുവെന്ന് വിലയിരുത്തുന്നതിനുമാണ്.

ഒരു ജില്ലയിലെ എല്ലാ തലത്തിലുമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സേവന വിതരണം ആഴത്തിൽ വിലയിരുത്തി സമഗ്രമായ ഒരു നിഗമനത്തിലെത്തുന്നതിന് വേണ്ടിയുള്ള ജില്ലാ കേന്ദ്രീകൃത സമീപനമാണ് പൊതുവേ ഓഡിറ്റിനായി തിരഞ്ഞെടുത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സാമ്പിൾ യൂണിറ്റുകളിൽ സ്വീകരിക്കാൻ ശ്രമിച്ചത്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഓഡിറ്റ് ശ്രദ്ധിച്ച പ്രധാന്യമുള്ള മറ്റ് പ്രശ്നങ്ങളും ആവശ്യമായ പരിഹാര നടപടികൾക്കായി ഉൾപ്പെടുത്തിയിട്ടുണ്ട്.

ഇതിനുപുറമെ, വലിയ മുനിസിപ്പൽ കോർപ്പറേഷനുകളെ ഒറ്റപ്പെട്ട സ്ഥാപനങ്ങളായി കണ്ട് അവയുടെ പ്രവർത്തനങ്ങൾ, കാര്യക്ഷമത, അനുവർത്തനവിഷയങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് ബാധകമായതെല്ലാം ഓഡിറ്റ് ചെയ്തിട്ടുണ്ട്.

## 1.6 റിപ്പോർട്ടിന്റെ ഘടന

റിപ്പോർട്ട് താഴെപ്പറയുന്ന അദ്ധ്യായങ്ങളായി ക്രമീകരിച്ചിരിക്കുന്നു:

അദ്ധ്യായം II – പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ അവലോകനം

അദ്ധ്യായം III – പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ജില്ലാ കേന്ദ്രീകൃത ഓഡിറ്റ്

അദ്ധ്യായം IV – നഗര തദ്ദേശ സ്ഥാപനങ്ങളുടെ അവലോകനം

അദ്ധ്യായം V – നഗര തദ്ദേശ സ്ഥാപനങ്ങളുടെ ആസ്തി പരിപാലനം സംബന്ധിച്ച വിഷയാധിഷ്ഠിത അനുവർത്തന ഓഡിറ്റ്

അദ്ധ്യായം VI – നഗര തദ്ദേശ സ്ഥാപനങ്ങളുടെ അനുവർത്തന ഓഡിറ്റ് ഖണ്ഡികകൾ

അദ്ധ്യായം VII – നഗര തദ്ദേശ സ്ഥാപനങ്ങളുടെ ജില്ലാ കേന്ദ്രീകൃത ഓഡിറ്റ്

## 1.7 ഓഡിറ്റിന്റെ മാനദണ്ഡങ്ങളും വ്യാപ്തിയും

ചുമതലകളുടെ വികേന്ദ്രീകരണത്തിന്റെ അവസ്ഥയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള ഫണ്ടിന്റെ വിന്യാസവും, എസ്‌സിഎസ്‌പി, ടിഎസ്‌പി എന്നിവയ്ക്ക് കീഴിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതികൾ രൂപീകരിക്കുകയും നടപ്പാക്കുകയും ചെയ്യുന്നത്, യുഎൽബികളുടെ ആസ്തി പരിപാലനം എന്നിവ വിശകലനം ചെയ്യുക എന്നതായിരുന്നു ഓഡിറ്റിന്റെ പ്രധാന ലക്ഷ്യം.

ഓഡിറ്റ് മാനദണ്ഡങ്ങൾ പ്രധാനമായും താഴെപ്പറയുന്നവയിൽ നിന്നാണ് ഉരുത്തിരിഞ്ഞത്:–

- കേരള പഞ്ചായത്ത് രാജ് നിയമം, 1994
- കേരള മുനിസിപ്പാലിറ്റി നിയമം, 1994
- കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ, 2008
- കേരള പഞ്ചായത്ത് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 2011
- കേരള മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കൈയൊഴിക്കലും) ചട്ടങ്ങൾ, 2000
- കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ആസ്തി പരിപാലനത്തിനുള്ള മാനുവൽ, 2017
- സംസ്ഥാന ധനകാര്യ കമ്മീഷൻ റിപ്പോർട്ടുകൾ

## 1.8 കൃതജ്ഞത

കേരള സർക്കാരിന്റെ തദ്ദേശ സ്വയംഭരണ വകുപ്പ്, പരിശോധന നടത്തിയ യുഎൽബികൾ, പിആർഐകൾ എന്നിവർ വേണ്ട സഹകരണവും സഹായവും നല്കിയതിന് ഓഡിറ്റ് കൃതജ്ഞത രേഖപ്പെടുത്തുന്നു.